# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4604 18.05.2017 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ)& (ബി) | കെ.എസ്.ഇ.ബി.എൽ - ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി ഇതുവരെയായി 10.66 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമായിട്ടുണ്ട്. 8.26 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 4.71 മെഗാവാട്ടിന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. 200 മെഗാവാട്ടിന്റെ സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ടിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. 200 മെഗാവാട്ടിന്റെ മറ്റൊരു സോളാർ നിലയം ചീമേനിയിൽ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. എൻ.റ്റി.പി.സി യുടെ നിയന്ത്രണത്തിൽ കായംകുളത്ത് പ്രവർത്തിക്കുന്ന താപവൈദ്യുത നിലയത്തിന്റെ സമീപത്തായുള്ള ഭൂമിയിൽ 170 ഓളം മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ കെ. എസ്. ഇ. ബി എൻ.റ്റി.പി.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കൂടുതൽ സ്ഥലങ്ങളിൽ സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | |

സർക്കാരിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അവരുടെ സഹായത്തോട്ടുകൂടി റൂഫ് ടോപ്പ് സോളാർ പദ്ധതതി കെ.എസ്.ഇ.ബി.എൽ - ന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കാൻ നടപടി എടുത്തു വരുന്നു. സ്വകാര്യ വ്യക്തികൾ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങൾക്ക് ആവശ്യമായ

കണക്ടിവിറ്റി സമയ ബന്ധിതമായി നൽകി വരുന്നു. സിയാൽ 20.4 മെഗാവാട്ടും ഹിൻഡാൽകോ 1 മെഗാവാട്ടും അനെർട്ട് 2 മെഗാവാട്ടും വൈദ്യുതി സോളാർ നിലയത്തിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്.

അനെർട്ടിന്റെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത നിലയം സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിലായി 9837 സൗരോർജ്ജ ഗാർഹിക പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| നം. | ജില്ല | പ്രവർത്തിക്കുന്ന സൗരോർജ്ജ ഗാർഹിക നിലയങ്ങളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 531 |
| 2 | എറണാകുളം | 1381 |
| 3 | ഇടുക്കി | 181 |
| 4 | കണ്ണൂർ | 547 |
| 5 | കാസർഗോഡ് | 300 |
| 6 | കൊല്ലം | 533 |
| 7 | കോട്ടയം | 1034 |
| 8 | കോഴിക്കോട് | 875 |
| 9 | മലപ്പുറം | 884 |
| 10 | പാലക്കാട് | 541 |
| 11 | പത്തനംതിട്ട | 441 |
| 12 | തിരുവനന്തപുരം | 1122 |
| 13 | തൃശ്ശൂർ | 1275 |

| | | | | | |
|---|---|---|---|---|---|
| | | | 14 | വയനാട് | 192 |
| | | | | ആകെ | **9837** |

വീടുകൾക്കും സ്ഥാപനങ്ങൾക്കും സബ്സിഡി ഉപയോഗപ്പെടുത്തി ശൃംഖലാബന്ധിതവും അല്ലാത്തതുമായ പവർ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള ബൃഹത്തായ പദ്ധതികൾ രൂപം കൊടുത്തുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2017-18 വർഷത്തെ പദ്ധതി പ്രകാരം അനെർട്ട് മുഖേന ആകെ 4.4 മെഗാവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ആഫീസർ

അനുബന്ധം

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.44 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2016 |
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.91 | |

| | | | |
|---|---|---|---|
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | |
| | | | |
| | ആകെ | 10.664372 | |

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (ലക്ഷം) |
|---|---|---|---|---|
| 1 | പാലക്കാട് 4 ആദിവാസി കോളനികൾ പണി പൂർത്തീകരിച്ചു. 1 എണ്ണം നടന്നു വരുന്നു. (ഡി.ഡി.ജി) | 0.01 | 0.037 മെഗാവാട്ടിന്റെ 4 കോളനികൾ പൂർത്തീകരിച്ചു | 108.39 |
| 2 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | നിർമ്മാണം പുരോഗമിക്കുന്നു | 1179 |
| 3 | ബാണാസുരസാഗർ റിസർവോയർ/ കക്കയം ഗ്രിഡ് കണക്റ്റ് ഫ്ലോട്ടിംഗ് | 0.50 | നിർമ്മാണം പുരോഗമിക്കുന്നു | 924.5 |
| 4 | പീരുമേട്, ഇടുക്കി | 0.50 | വർക്ക് ഓർഡർ നൽകി | 360.35 |
| 5 | ഏറ്റുമാനൂർ, കോട്ടയം | 1.00 | നിർമ്മാണം പുരോഗമിക്കുന്നു | 668.72 |
| 6 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി | 969 |
| 7 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | നിർമ്മാണം പുരോഗമിക്കുന്നു | 772 |
| 8 | മഞ്ചേശ്വരം കാസർഗോഡ് | 0.50 . | വർക്ക് ഓർഡർ നൽകി | 369.3 |
| 9 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു | 353.9052 |
| 10 | കുറ്റിപ്പുറം | 0.50 | വർക്ക് ഓർഡർ നൽകി | 345.94 |
| | ആകെ | 8.26 | | |

## ടെൻഡർ ഘട്ടത്തിലുള്ള സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പി.എ.സി |
|---|---|---|---|
| 1 | കൊട്ടിയം, കൊല്ലം | 0.60 | 375 |
| 2 | മയിലാട്ടി, കാസർഗോഡ് | 1.00 | 625.85 |
| 3 | മാടക്കത്തറ & ചൂളിശ്ശേരി, തൃശ്ശൂർ | 1.50 | 962 |
| 4 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 784 |
| 5 | പെരുംതേനരുവി, പത്തനംതിട്ട | 0.45 | 356.6 |
| 6 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രദ സ്കീം പ്രകാരം) | 0.04 | 32 |
| | ആകെ | 4.71 | |

സെക്ഷൻ ഓഫീസർ